പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1197

11.06.2019-ൽ മറുപടിക്ക്

## നാട്ടിക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) നാട്ടിക മണ്ഡലത്തിൽ ഉൾപ്പെട്ട തളിക്കുളം ഗ്രാമ പഞ്ചായത്തിലെ കലാത്തിപ്പാലം നിർമ്മാണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) നാട്ടിക മണ്ഡലത്തിലെ കലാഞ്ഞി പാലത്തിന് 2018-19 ബഡ്ജറ്റിലും 2019-20 ബഡ്ജറ്റിലും 100/- രൂപ ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ. |
| (ബി) ഈ പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ എത്ര സ്ഥലമാണ് വേണ്ടത് എന്ന് അറിയിക്കാമോ; | (ബി) ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂമി റവന്യൂ വനം വകുപ്പുകൾ അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഏകദേശം 12 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കരുതുന്നത്. |
| (സി) ഈ പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുന്നതിന് സാധിക്കുമെന്ന് അറിയിക്കാമോ; | (സി) പ്രസ്തുത പ്രവൃത്തിക്ക് ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. മതിയായ തുക വകയിരുത്തി ഭരണാനുമതി ലഭിച്ചാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാനാവുകയുള്ളൂ |
| (ഡി) നാട്ടിക മണ്ഡലത്തിലെ അഴിമാവ് പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് എന്ന് അറിയിക്കാമോ; നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കുന്നതിന് മന്ത്രി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) അഴിമാവുകടവു പാലം നിർമ്മാണത്തിനായി 15.90 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്യുകങ്കിലും ലഭിച്ച ടെണ്ടർ തുക എസ്റ്റിമേറ്റിനേക്കാൾ കൂടുതലായതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ